## ജൂണിയർ മിനി ത്രോബോൾ ജില്ലാ ചാമ്പ്യൻഷിപ്പ്

**രാജാക്കാട്:** ഇടുക്കി ജില്ലാ ജൂണിയർ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് സെപ്റ്റംബർ ഒൻപതിന് മാങ്കുളം സെന്റ് മേരീസ് സ്കൂളിൽ നടക്കും. ത്രോബോൾ അസോസിയേഷന്റെ www.throwballKerala.com സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരമുള്ളു. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കില്ല. ഫോൺ: 7588967114,9946666457.

# വിങ്ങുന്ന മനസുമായെത്തിയ അവന്തിക മിന്നും താരമായി



**ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ജൂണിയർ വിഭാഗം മികച്ചതാരമായി തെരഞ്ഞെടുക്കപ്പെട്ട അവന്തിക രാജേന്ദ്രൻ മാങ്കുളം സെന്റ് മേരീസ് എച്ച്എസ്എസ് മാനേജർ ഫാ. മാത്യു കരോട്ട്കൊച്ചറയ്ക്കലിൽനിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.**

**തൊടുപുഴ:** മുത്തച്ഛന്റെ ചേതനയറ്റ ശരീരത്തിനരികിൽനിന്ന് അവന്തിക ഓടിയെത്തിയത് കളിക്കളത്തിലേക്ക്. കൊച്ചുമകൾ അവന്തിക മികച്ച കായികതാരമായി തീരണമെന്നായിരുന്നു മുത്തച്ഛന്റെ സ്വപ്നം.

ഈ സ്വപ്നസാഫല്യത്തിനായി മാങ്കുളം സെന്റ് മേരീസ് എച്ച്എസ്എസ് ഒമ്പതാം ക്ലാസ് വിദ്യാർഥിനി പുതിയപറമ്പിൽ രാജേന്ദ്രൻ-മജി ദമ്പതികളുടെ മകളായ അവന്തിക സ്കൂളിലെ ത്രോബോൾ ടീമിൽ അംഗമായിരുന്നു. കഴിഞ്ഞ ചൊവ്വാഴ്ച സ്കൂളിൽ നടന്ന എട്ടാമതു ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനിരിക്കെയാണ് മുത്തച്ഛൻ രാമകൃഷ്ണന്റെ അപ്രതീക്ഷിതമായ മരണം സംഭവിച്ചത്.

ഇതേത്തുടർന്നു മത്സരത്തിൽ പങ്കെടുക്കാൻ അവന്തിക എത്തില്ലെന്നു മാതാവ് സ്കൂൾ അധികൃതരെ അറിയിക്കുകയും ചെയ്തു. എന്നാൽ മുത്തച്ഛന്റെ അന്ത്യാഭിലാഷം സഫലമാക്കാൻ വീട്ടുകാരുടെ അനുമതിയോടെ അവന്തിക മൽസരത്തിന് എത്തുകയായിരുന്നു. മുത്തച്ഛന്റെ ജ്വലിക്കുന്ന ഓർമകളുമായി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനെത്തിയ അവന്തിക മിന്നും പ്രകടനം കാഴ്ചവച്ച് ജൂണിയർ വിഭാഗം മികച്ച താരമായി തെരഞ്ഞെടുക്കപ്പെടുകയായിരുന്നു.

കഴിഞ്ഞ വർഷം പാലക്കാട് നടന്ന സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുക്കാൻ അവന്തികയെ കൊണ്ടുപോയത് മുത്തച്ഛനായിരുന്നു. കൊച്ചുമകൾക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവുമായി ഒപ്പമുണ്ടായിരുന്ന മുത്തച്ഛന്റെ ആഗ്രഹം സഫലമാക്കുകയെന്നതാണ് അവന്തികയുടെ ജീവിത ലക്ഷ്യം. ഈ ലക്ഷ്യസാക്ഷാത്കാരത്തിനു സ്കൂൾ പ്രധാനാധ്യാപിക വി.എ. ജ്യോതിമോൾ, കായികാധ്യാപകനായ ജിജി ജോസ്, മലയാളം അധ്യാപിക അനിത തോമസ് എന്നിവർ പിന്തുണയും പ്രോത്സാഹനവുമായി ഒപ്പമുണ്ട്.